## ആശാൻ സ്മാരകത്തിന്റെ വികസനത്തിനായി വസ്തുവകകൾ ഏറ്റെടുക്കുന്നതിനുള്ള നടപടി

17 (1956) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ മംഗലപുരം പഞ്ചായത്തിലെ തോന്നയ്ക്കലിൽ സ്ഥിതിചെയ്യുന്ന ആശാൻ സ്മാരകത്തിന്റെ വികസനത്തിനുവേണ്ടി അടുത്തുള്ള വസ്തുവകകൾ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനു ചുറ്റുമുള്ള എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ബന്ധപ്പെട്ട കളക്ടർക്ക് നൽകിയിട്ടുണ്ടോ ;

(ഡി) ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് സെന്റൊന്നിന് എത്ര രൂപ വച്ച് കൊടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത വസ്തുവകകൾ ഏറ്റെടുക്കുന്നതിൽ അപാകത ചൂണ്ടിക്കാണിച്ച് എന്തെങ്കിലും പരാതികൾ ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ പരാതി നൽകിയവരുടെ പേരുവിവരവും വസ്തുവിന്റെ സർവ്വെ നമ്പരും ലഭ്യമാക്കുമോ ;

(ജി) ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് പുതുതായി കെട്ടിടം നിർമ്മിക്കുന്നതിനും വസ്തു വിൽക്കുന്നതിനും കഴിയാത്ത രീതിയിൽ എന്തെങ്കിലും നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ടോ ;

(എച്ച്) പ്രസ്തുത വസ്തുവകകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏകദേശം 62 സെന്റ് സ്ഥലം.

(സി) ഉണ്ട്.

(ഡി) വില നിശ്ചയിച്ചിട്ടില്ല.

(ഇ) ഉണ്ട്.

(എഫ്) ശ്രീ. പി. അരുൺകുമാർ, ശ്രീ. പി. വിജയകുമാർ, ശ്രീ. പി. പ്രദീപ് കുമാർ, ശ്രീമതി നിർമ്മല, വെയിലൂർ വില്ലേജിലെ 198/13, 266/2-1, 266/2, 266/2-2, 266/2-3 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട വസ്തുക്കൾ.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇല്ല.

(എച്ച്) ഭരണാനുമതി ബന്ധപ്പെട്ട വകുപ്പു നൽകേണ്ടതായിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിലെ വില്ലേജുമാൻ തസ്തികയിലെ ഒഴിവുകൾ**

**18 (1957)** ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ വില്ലേജുമാൻ തസ്തികയിൽ എത്ര ഒഴിവുകൾ നികത്താനുണ്ട് ;

(ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 45 ഒഴിവുകൾ നികത്താനുണ്ട്.

(ബി) നിലവിലുണ്ട്.

(സി) വകുപ്പുതലവൻ ഒഴിവുള്ള തസ്തികകൾ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് സർക്കാർ തലത്തിൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടയവിതരണം**

**19 (1958)** ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് പട്ടയം നൽകിയയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പട്ടയം നൽകുന്ന നടപടി ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ. 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലേയ്ക്കുള്ള ഭൂമി പതിവ് ചട്ടങ്ങൾ, ലക്ഷംവീട് പദ്ധതി, പുനരധിവാസ ഭവന നിർമ്മാണ പദ്ധതി ഇവ പ്രകാരമുള്ള 6538 പട്ടയങ്ങളും മലയോര കർഷകർക്കുള്ള 6314 പട്ടയങ്ങളും സഹിതം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആകെ 12852 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly